Newspaper : PIB

Date : 27.08.2026

# മത്സ്യബന്ധന സഹകരണം ശക്തിപ്പെടുത്താൻ സീഷെൽസ് പ്രതിനിധിസംഘം ഐസിഎആർ–സിഫ്റ്റ് സന്ദർശിച്ചു

പോസ്റ്റഡ് ഓൺ: 27 AUG 2026 6:02PM by PIB Thiruvananthpuram

കൊച്ചി: സീഷെൽസിന്റെ മത്സ്യബന്ധനം, കൃഷി, നീല സമ്പദ്‌വ്യവസ്ഥ മന്ത്രി (ബ്ലൂ ഇക്കോണമി) വാലസ് കോസ്‌ഗ്രോയുടെ നേതൃത്വത്തിലുള്ള ഏഴംഗ പ്രതിനിധിസംഘം ഇന്ന് ഐ.സി.എ.ആർ–സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ((ICAR-CIFT) സന്ദർശിച്ചു. ആഗസ്റ്റ് 24 മുതൽ 28 വരെ നടക്കുന്ന ഔദ്യോഗിക ഇന്ത്യാ സന്ദർശനത്തിന്റെ ഭാഗമായിരുന്നു സന്ദർശനം. ഐസിഎആർ– സിഫ്റ്റിലെ ഡയറക്ടറുമായും മുതിർന്ന ശാസ്ത്രജ്ഞരുമായും പ്രതിനിധിസംഘം മത്സ്യബന്ധന സാങ്കേതികവിദ്യ, മത്സ്യസംസ്കരണം, ഗുണനിലവാര ഉറപ്പാക്കൽ തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടത്തി.